# മഹാത്മാഗാന്ധിസർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298

2021ജൂൺ 22

# വാർത്താക്കുറിപ്പ്

## സന്ദർശകർക്ക് കർശന നിയന്ത്രണം

പരീക്ഷസംബന്ധമായ അടിയന്തര ജോലികൾ നടക്കുന്നതിനാൽ മഹാത്മാഗാന്ധി സർവകലാശാല പരീക്ഷഭവനിൽ സന്ദർശകർക്ക് കർശന നിയന്ത്രണം ഏർപ്പെടുത്തിയതായി പരീക്ഷ കൺട്രോളർ അറിയിച്ചു. കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് പരിമിത ജീവനക്കാരുമായാണ് പരീക്ഷവിഭാഗം പ്രവർത്തിക്കുന്നത്. ഇവിടേക്കുള്ള എല്ലാ അപേക്ഷകളും ഓൺലൈനായി സമർപ്പിക്കുവാൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. അടിയന്തരഘട്ടങ്ങളിൽ സർവകലാശാലയിൽ നിന്ന് അറിയിപ്പ് ലഭിച്ചവർക്ക് മാത്രമായിരിക്കും ഇനി ഒരു അറിയിപ്പുണ്ടാകുന്നതുവരെ പരീക്ഷഭവനിലേക്ക് പ്രവേശനം അനുവദിക്കുക.

(പി.ആർ.ഒ/39/558/2021)

## അപേക്ഷ തീയതി നീട്ടി

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിൽ 2021-22 അധ്യയന വർഷത്തിൽ എം.ബി.എ. പ്രവേശനത്തിന് ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള തീയതി നീട്ടി. www.admission.mgu.ac.in എന്ന വെബ് സൈറ്റ് വഴിയും https://epay.mgu.ac.in/MGUMBA/ എന്ന ലിങ്ക് വഴിയും ജൂൺ 30ന് വൈകീട്ട് അഞ്ചുവരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. വിശദവിവരത്തിന് ഫോൺ: 0481-2732288, ഇമെയിൽ: smbsmgu@yahoo.co.in

(പി.ആർ.ഒ/39/559/2021)

**പി.സി. സുരേഷ് കുമാർ**

പബ്ലിക്റിലേഷൻസ്ഓഫീസർ